മണി ലെൻഡേഴ്സ് ലൈസൻസിനുവേണ്ടി അപേക്ഷിച്ച സ്ഥാപനങ്ങൾ

1017. [1474] ശ്രീ. വി. വി. ജോസഫ് :
,, ജോസ് കുറിയാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ മണിലെൻഡേഴ്സ് ലൈസൻസിനുവേണ്ടി സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നുമായി എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) അവയിൽ ലൈസൻസ് നൽകാത്തതായ എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(സി) ഒരു കൊല്ലം കഴിഞ്ഞിട്ടും ലൈസൻസ് നൽകാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(ഡി) കാലതാമസത്തിന് കാരണമെന്ത് ;

(ഇ) ഓരോ ആറുമാസം കൂടുമ്പോഴും പരിശോധിച്ച് രജിസ്റ്ററുകൾ സീലു വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കാത്ത എത്ര സ്ഥാപനങ്ങൾ ഉണ്ട് ;

(എഫ്) വർഷത്തിലൊരിക്കൽ ആഡിറ്റു ചെയ്ത് ആഡിറ്റു റിപ്പോർട്ടുകളുടെ പകർപ്പ് വില്പനനികുതി വകുപ്പിൽ കൊടുക്കണമെന്നുള്ള വ്യവസ്ഥ പാലിക്കാത്തതായി എത്ര സ്ഥാപനങ്ങൾ ഉണ്ട് ?

ഉത്തരം

(എ) 40 എണ്ണം.

(ബി) 18 എണ്ണം.

(സി) 12 എണ്ണം.

(ഡി) മണിലെൻഡേഴ്സ് ആക്ട് പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കാത്തതുകൊണ്ടോ അപേക്ഷകൻ മറ്റു നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തതുകൊണ്ടോ ആണ് ലൈസൻസിന് താമസമുണ്ടാകുന്നത്.

(ഇ) മണിലെൻഡേഴ്സ് ആക്ടിന്റെ പ്രകാരം ഒരു വ്യവസ്ഥ ഇല്ല. എന്നാൽ ടി ആക്ടിൽ ആറുമാസം കൂടുമ്പോൾ ലൈസൻസ് എടുത്തിട്ടുള്ള മണിലെൻഡേഴ്സ് റിട്ടേൺ സമർപ്പിക്കണമെന്ന് വ്യവസ്ഥയുണ്ട്. അതു കൃത്യമായി പാലിക്കുന്നുമുണ്ട്.

(എഫ്) 33 എണ്ണം.

II അടിയന്തിര പ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ഉളവായിരിക്കുന്ന ഗുരുതരാവസ്ഥ

മി. സ്പീക്കർ : സംസ്ഥാനത്തൊട്ടാകെ ജനജീവിതം ദുരിതം നിറഞ്ഞതാക്കുംവിധം നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം ക്രമാതീതവും ദുസ്സഹവുമായി വർദ്ധിച്ചിരിക്കുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിർത്തി

LIBRARY ARCHIVES Kerala Legislative Assembly